പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 292 19.06.2019-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി. സർവ്വീസ് പരിഷ്കരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ആർ. സുനിൽ കുമാർ<br>" മുല്ലക്കര രത്നാകരൻ<br>" ജി.എസ്.ജയലാൽ<br>ശ്രീമതി സി.കെ. ആശ | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സാധാരണക്കാർ കൂടുതലായി ആശ്രയിക്കുന്ന കെ.എസ്.ആർ. ടി.സി. ഓർഡിനറി സർവ്വീസുകൾ നിർത്തലാക്കുന്നതിനുള്ള നീക്കമുണ്ടോ; എങ്കിൽ ആയതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ; | (എ) | ഓർഡിനറി സർവ്വീസുകൾ നിർത്തലാക്കുന്നതിനുള്ള നടപടികൾ കെ.എസ്.ആർ.ടി.സി സ്വീകരിച്ചിട്ടില്ല. എന്നാൽ പൊതുവിൽ വരുമാനനഷ്ടം ഉണ്ടാക്കുകയും, പ്രവർത്തന ചെലവ് പോലും ലഭിക്കാത്തതുമായ ഓർഡിനറി സർവ്വീസുകളോ/ചില ട്രിപ്പുകളോ കാലോചിതമായി പരിഷ്ക്കരിച്ച് യാത്രക്കാർക്കും, കോർപ്പറേഷനും ഗുണകരമാകുന്ന രീതിയിൽ പുനഃക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | കെ.എസ്.ആർ.ടി.സി. നടത്തുന്ന ദീർഘദൂര സർവ്വീസുകൾ ചില ദിവസങ്ങളിൽ മുടങ്ങിപ്പോകുന്നത് ഒഴിവാക്കുന്നതിനും സ്ഥിരം യാത്രക്കാർക്ക് അതുകാരണം ദുരിതമുണ്ടാകാതെ നോക്കുന്നതിനും സത്വര നടപടി സ്വീകരിക്കുമോ; | (ബി) | ഫാസ്റ്റ് പാസഞ്ചർ മുതൽ മുകളിലോട്ടുള്ള സൂപ്പർ ക്ലാസ് സർവ്വീസുകൾ നടത്തുന്നതിന് കെ.എസ്.ആർ.ടി.സി.യെ മാത്രം അധികാരപ്പെടുത്തിയിട്ടുള്ളതാണ്. അതിൻപ്രകാരം ദീർഘദൂര സർവ്വീസുകൾ യാത്രക്കാർക്കും കെ.എസ്.ആർ.ടി.സി.യ്ക്കും ഗുണകരമാകുന്ന രീതിയിൽ ക്രമീകരിച്ച് നടത്തി വരികയുമാണ്. എന്നാൽ ചുരുക്കം ചില ദിവസങ്ങളിൽ സാങ്കേതിക തകരാർ മൂലമോ ഒഴിവാക്കാൻ കഴിയാത്ത സാഹചര്യങ്ങൾ മൂലമോ ചില സർവ്വീസ്സുകൾ റദ്ദ് ചെയ്യപ്പെടുകയാണെങ്കിൽ പകരം ബസ്സുകൾ ഏർപ്പെടുത്തി യാത്രക്കാരുടെ ബുദ്ധിമുട്ടുകൾ പരമാവധി പരിഹരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സാമ്പത്തിക പരാധീനതമൂലം സ്പെയർ പാർട്സ് വാങ്ങുന്നതിനും, മെയിന്റനൻസ് നടത്തുന്ന കമ്പനികൾക്കും യഥാസമയം തുക നൽകാൻ കഴിയാത്ത സാഹചര്യങ്ങളിൽ ബസ്സിന്റെ കുറവ് |

| | | | |
|---|---|---|---|
| | | | സർവ്വീസിനെ ബാധിക്കാറുണ്ട്. എന്നിരുന്നാലും വാഹനങ്ങളുടെ അറ്റകുറ്റ പണികൾ യഥാ സമയം തീർക്കുന്നതിനും ദീർഘദൂര ബസ്സുകൾക്ക് പ്രത്യേക പരിഗണന നൽകി മെയിന്റനൻസ് ചെയ്യുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | തിരുവനന്തപുരത്ത് നിന്നും മണിപ്പാലിലേക്കും സുള്ള്യയിലേക്കും നടത്തിയിരുന്ന കെ.എസ്.ആർ. ടി.സി. സർവ്വീസുകൾ നിർത്തലാക്കിയിരിക്കുന്ന സാഹചര്യത്തിൽ സ്വകാര്യ ബസ്സുകൾ അനധികൃതമായി പ്രസ്തുത റൂട്ടുകളിലേക്ക് സർവ്വീസ് ആരംഭിച്ചത് കെ.എസ്.ആർ.ടി.സി. യുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | സ്വകാര്യ ബസ്സുകൾ അനധികൃതമായി റൂട്ടുകളിൽ ദീർഘദൂര അന്തർസംസ്ഥാന സർവ്വീസുകൾ നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനധികൃത സ്വകാര്യ സർവ്വീസുകൾ നിർത്തലാക്കുന്നതിന് നടപടി സ്വീകരിക്കാൻ മോട്ടോർ വാഹന വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ഡി) | കെ.എസ്.ആർ.ടി.സി. നിലവിൽ നടത്തിവരുന്ന ദീർഘദൂര സർവ്വീസുകൾ കാര്യക്ഷമവും ഭാവിയിൽ കൂടുതൽ ലാഭകരവുമാക്കുന്നതിനുള്ള നടപടികളെടുക്കാൻ കഴിയാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (ഡി) | കൃത്യമായ സമയക്രമവും ഇടവേളയും നിശ്ചയിച്ച് യാത്രക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട യാത്രാസൗകര്യം ഒരുക്കുന്നതിനാണ് തിരുവനന്തപുരം മുതൽ തൃശ്ശൂർ വരെയുള്ള ദേശസാൽകൃത റൂട്ടിൽ കെ.എസ്.ആർ.ടി.സി സൂപ്പർഫാസ്റ്റ് ചെയിൻ സർവ്വീസ് 06.5.2019 തീയതി മുതൽ ആരംഭിച്ചിട്ടുള്ളത്. ഇതിനായി കെ.എസ്.ആർ.ടി.സി.യുടെ 257 സൂപ്പർ ഫാസ്റ്റ് സർവ്വീസുകളുടെ ട്രിപ്പുകളുടെ സമയക്രമം പുനഃക്രമീകരിച്ചിട്ടുണ്ട്. ദീർഘദൂര യാത്രക്കാർക്ക് കൂടുതൽ പ്രയോജനകരമാകുന്ന രീതിയിലാണ് ടി സർവ്വീസുകൾ പുനഃക്രമീകരിച്ചിട്ടുള്ളത്. പ്രീമിയം ക്ലാസ് ബസ്സുകളുടെ ഉയർന്ന വില, സാധാരണ ബസ്സുകളുമായി താരതമ്യം ചെയ്യുമ്പോൾ ഉയർന്ന സ്പെയർ പാർട്സ്, മെയിന്റനൻസ്, ഇന്ധന ചിലവുകൾ, എന്നിവയാണ് പ്രധാനമായും ദീർഘദൂര സർവ്വീസുകൾക്ക് പ്രീമിയം ക്ലാസ്സ് ബസ്സുകൾ ലഭ്യമാക്കി സർവ്വീസ് നടത്തി ലാഭകരമാക്കാൻ കഴിയാത്ത സാഹചര്യം സൃഷ്ടിക്കുന്നത്. |

| | | | |
|---|---|---|---|
| (ഇ) | സർവ്വീസുകൾ ലാഭകരമാക്കുന്ന ജീവനക്കാർക്ക് പ്രോത്സാഹനം നൽകുന്നതിന് മുൻകയ്യെടുക്കുമോ; വ്യക്തമാക്കുമോ? | (ഇ) | വരുമാനവർദ്ധനവ് ലഭ്യമാക്കുന്ന സർവ്വീസുകളിലെ ജീവനക്കാർക്ക് പ്രോത്സാഹനം നൽകുന്നതിന്റെ ഭാഗമായി ഓരോ മാസവും യൂണിറ്റ് തലത്തിൽ മികച്ച ഡ്രൈവർ, കണ്ടക്ടർ വിഭാഗം ജീവനക്കാരെ തെരഞ്ഞെടുത്ത് പ്രോത്സാഹനം നൽകുന്നതിനും അഭിനന്ദിക്കുന്നതിനുമായി കെ.എസ്.ആർ.ടി.സി. നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നു പോകുന്നതിനാൽ ജീവനക്കാർക്ക് പ്രോത്സാഹനമായി അധിക സാമ്പത്തിക സഹായം ലഭ്യമാക്കാൻ സാധിക്കില്ല. |

**സെക്ഷൻ ഓഫീസർ**